**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 05.11.2025

# വിവിധ വകുപ്പുകളിലെ ചീഫ് വിജിലൻസ് ഉദ്യോഗസ്ഥരുടെ വാർഷിക സമ്മേളന ഉദ്ഘാടനവും അന്വേഷണ മികവിന് വിജിലൻസ് ഉദ്യോഗസ്ഥർക്കുള്ള ബാഡ്ജ് ഓഫ് ഓണർ വിതരണവും ബഹു : കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെയും, പൊതു മേഖലാ സ്ഥാപനങ്ങളിലേയും ചീഫ് വിജിലൻസ് ഓഫീസർമാരുടെ വാർഷിക സമ്മേളന ഉദ്ഘാടനവും വിജിലൻസ് ഉദ്യോഗസ്ഥരുടെ 2024 വർഷത്തെ അന്വേഷണ മികവിനുള്ള ബാഡ്ജ് ഓഫ് ഓണർ വിതരണവും ബഹു: കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വിജിലൻസ് ആസ്ഥാനത്ത് വെച്ച് ഇന്ന് (05/11/2025) വൈകുന്നേരം 04:00 മണിക്ക് നിർവ്വഹിച്ചു.

ബഹു: കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ കേരള ലോകായുക്ത ജസ്റ്റിസ് ശ്രീ. എൻ. അനിൽകുമാർ അദ്ധ്യക്ഷത വഹിക്കുകയും, വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് സ്വാഗതവും വിജിലൻസ് ആസ്ഥാനത്തെ ഡി.ഐ.ജി ശ്രീ. കെ. കാർത്തിക് ഐ.പി.എസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു.

അഴിമതി രഹിതവും ജനപക്ഷപരവുമായ ഭരണ സംവിധാനമാണ് സർക്കാർ നയമെന്നും കഴിഞ്ഞ പത്ത് വർഷക്കാലമെടുത്താൽ ഇത് നമുക്ക് കാണാൻ സാധിക്കുമെന്നും, കേരളത്തിന് ഇന്ത്യയിലെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമെന്ന നേട്ടം കൈവരിക്കാൻ സാധിച്ചുവെന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത് കൊണ്ട് ബഹു: മുഖ്യമന്ത്രി പറഞ്ഞു. വൻകിട പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ മറ്റ് സംസ്ഥാനങ്ങളിൽ പദ്ധതി തുകയുടെ ഒരു വിഹിതം കൈക്കൂലിക്കായി മാറ്റി വെക്കേണ്ട സാഹചര്യം ഉള്ളപ്പോൾ കേരളത്തിൽ ഇത്തരം കരാറുകാർക്ക് പദ്ധതി തുക പൂർണ്ണമായും പദ്ധതി നടത്തിപ്പിനായി ചിലവഴിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളതെന്നും, പണത്തോടുള്ള ആർത്തി ഉന്നത തലത്തിൽ പൂർണ്ണമായും ഒഴിവാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറയുകയുണ്ടായി. അഴിമതി നടത്തിയാൽ അവരെ സംരക്ഷിക്കുന്ന നിലപാടോ ഏതെങ്കിലും തരത്തിൽ കൂട്ട് നിൽക്കുന്ന നിലപാടോ സർക്കാരിനില്ലെന്നും ഇതിന്റെ ഗുണഫലം ഇന്ന് സംസ്ഥാനത്താകമാനം കാണാനുണ്ടെന്നും ബഹു : മുഖ്യമന്ത്രി പറഞ്ഞു. വിവിധ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് അനുമതി നൽകുന്നയാൾക്കും ഒരു ഭാഗം കിട്ടേണ്ടതാണെന്ന ഒരു ചിന്ത ഇന്നും ചില ഉദ്യോഗ സ്ഥർക്കുണ്ടെന്നും, അത്തരം കാര്യങ്ങളിൽ ഇന്റേണൽ വിജിലൻസ് ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്നും ആയത് യഥാസമയങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ടെന്നും പറഞ്ഞു. വിജിലൻസ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന ചില വകുപ്പുകളിൽ താഴെത്ത ട്ടിലുള്ള ചില ഓഫീസുകളിൽ ഇപ്പോഴും അഴിമതി ഒരു അധികാരമായി കൊണ്ട് നടക്കുന്നതായി കണ്ട് വരുന്നുണ്ടെന്നും ആയതിനെതിരെ വിജിലൻസും, ഇന്റേണൽ വിജിലൻസും ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും ഒരു കാരണവശാലും അഴിമതി നടത്താൻ അനുവദിക്കരുതെന്നും, അഴിമതി കുറഞ്ഞുവെന്ന് പറഞ്ഞ് അഭിമാനിക്കുന്നതിലുപരി അഴിമതി ഇല്ലാതാക്കി എന്നതിലാണ് നാം അഭിമാനിക്കേണ്ടത് എന്നും ബഹു : മുഖ്യമന്ത്രി പറഞ്ഞു.

ചീഫ് ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ വാർഷിക സമ്മേളനത്തിൽ ഇന്റേണൽ വിജിലൻസിനെ ശക്തിപ്പെടുത്തേ ണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അഴിമതി തടയുന്നതിന് ഇന്റേണൽ വിജിലൻസിനുള്ള പങ്കിനെക്കുറിച്ചും ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസും ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ കടമകളും

കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും എന്ന വിഷയത്തിൽ ഡി.ഐ.ജി ശ്രീ. കെ. കാർത്തിക് ഐ.പി.എസും, ലോകായുക്തയുടെ പ്രവർത്തനത്തെ സംബന്ധിച്ചും ഇന്റേണൽ വിജിലൻസിന്റെ നിലവിലെ പ്രവർത്തനങ്ങളിലെ പോരായ്മകൾ പരിഹരിച്ച് എങ്ങനെ കൂടുതൽ ഫലപ്രദമായി പ്രവർത്തനം വിപുലപ്പെടുത്താമെന്നതിനെക്കുറിച്ചും കേരള ലോകായുക്ത ജസ്റ്റിസ് ശ്രീ. എൻ.അനിൽകുമാറും ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് ക്ലാസ്സുകൾ നൽകി.

വിജിലൻസിലെ മികച്ച പ്രവർത്തനത്തിനും അന്വേഷണ മികവിനുമുള്ള 2024–ലെ ബാഡ്ജ് ഓഫ് ഓണർ പുരസ്കാരം വിജിലൻസ് ആസ്ഥാനത്തെ ഡി.ഐ.ജി ശ്രീ. കെ. കാർത്തിക് ഐ.പി.എസ്, വിജിലൻസ് എറണാകുളം മദ്ധ്യ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. ശശിധരൻ.എസ്. ഐ.പി.എസ്, വിജിലൻസ് കോഴിക്കോട് ഉത്തരമേഖല പോലീസ് സൂപ്രണ്ട് ശ്രീ. പി.എം. പ്രദീപ്, വിജിലൻസ് വയനാട് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.ഷാജി വർഗ്ഗീസ്, കാസർഗോഡ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഉണ്ണികൃഷ്ണൻ.വി, എറണാകുളം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.എൻ.ആർ. ജയരാജ്, മലപ്പുറം പോലീസ് ഇൻസ്പെക്ടർ ശ്രീ. ജോതിന്ദ്ര കുമാർ പി, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് –2 ലെ പോലീസ് ഇൻസ്പെക്ടർ ശ്രീ. പ്രദീപ് കുമാർ.എസ്.എം, തൃശ്ശൂർ യൂണിറ്റിലെ പോലീസ് ഇൻസ്പെക്ടർ ശ്രീ.ജയേഷ് ബാലൻ, പാലക്കാട് യൂണിറ്റിലെ പോലീസ് ഇൻസ്പെക്ടർ ശ്രീ. അരുൺ പ്രസാദ് എസ്, ഇടുക്കി യൂണിറ്റ് പോലീസ് ഇൻസ്പെക്ടർ ശ്രീ. ഷിന്റോ. പി. കുര്യൻ, എറണാകുളം സ്പെഷ്യൽ സെൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ശ്രീ. പ്രകാശ് സി.ആർ, കോഴിക്കോട് യൂണിറ്റ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ശ്രീ രാധാകൃഷ്ണൻ.റ്റി, കോഴിക്കോട് യൂണിറ്റ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ശ്രീ സുകുമാരൻ പി.എൻ, ഇടുക്കി യൂണിറ്റ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ശ്രീ. പ്രമോദ്. റ്റി.ആർ, കോഴിക്കോട് സ്പെഷ്യൽ സെൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ശ്രീ. രതീഷ് എ.പി, ഇടുക്കി യൂണിറ്റ് സീനിയർ സിവിൽ പോലീസ് ഓഫീസർ ശ്രീ. ബേസിൽ പി. ഐസക്ക്, തിരുവനന്തപുരം സ്പെഷ്യൽ സെൽ സീനിയർ സിവിൽ പോലീസ് ഓഫീസർ ശ്രീമതി. ഇന്ദുലേഖ. എം, ഇടുക്കി സീനിയർ സിവിൽ പോലീസ് ഓഫീസർ ശ്രീ. സഞ്ജയ് കെ.ജി, കോഴിക്കോട് സീനിയർ സിവിൽ പോലീസ് ഓഫീസർ ശ്രീ ത്രുപേഷ് പി, മലപ്പുറം യൂണിറ്റ് സീനിയർ സിവിൽ പോലീസ് ഓഫീസർ, ശ്രീ. ഷറഫുദ്ദീൻ യു.പി, മലപ്പുറം യൂണിറ്റ് സിവിൽ പോലീസ് ഓഫീസർ ശ്രീമതി. രത്നകുമാരി എം, തിരുവനന്തപുരം സ്പെഷ്യൽ ഇൻവസ്റ്റിഗേഷൻ യൂണിറ്റ്–II സിവിൽ പോലീസ് ഓഫീസർ ശ്രീ. സജി മോഹനൻ

എം.എസ്, തൃശ്ശൂർ യൂണിറ്റ് സിവിൽ പോലീസ് ഓഫീസർ ശ്രീ. സൈജു സോമൻ, ഇടുക്കി യൂണിറ്റ് സിവിൽ പോലീസ് ഓഫീസർ ശ്രീ. സന്ദീപ് ദത്തൻ, എറണാകുളം യൂണിറ്റ് സിവിൽ പോലീസ് ഓഫീസർ ശ്രീ. ധനേഷ് പി.ഡി എന്നീ വിജിലൻസ് ഉദ്യോഗസ്ഥരാണ് മുഖ്യമന്ത്രിയിൽ നിന്നും ബാഡ്ജ് ഓഫ് ഓണർ പുരസ്കാരം സ്വീകരിച്ചത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിൻറെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.